ദേശാഭിമാനി

4 April 2017

# കൂടുതൽ നേടാൻ കൂടുമത്സ്യക്കൃഷി



► ആലുവയിൽ പെരിയാറിൽ തുടങ്ങിയ കൂടുമത്സ്യക്കൃഷി

**കൊച്ചി** > കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം നേടാവുന്ന കൂടുമത്സ്യക്കൃഷി സംസ്ഥാനത്തും വ്യാപകമാകുന്നു. കൊച്ചി ആസ്ഥാ നമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കീഴിലാണ് കൂടുമത്സ്യക്കൃഷി ജനകീയമാകുന്നത്. കാളാഞ്ചി, കരിമീൻ, തിലോപ്പിയ, ചെമ്പല്ലി, വറ്റ എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭമുണ്ടാക്കാമെന്നതാണ് കൂടുമത്സ്യകൃഷിയുടെ പ്രത്യേകത. ഓരുജലാശയവും ശുദ്ധജലസ്രോതസ്സുകളും കൂടുകൃഷിക്ക് അനുയോജ്യം. വല, ഡ്രം അടക്കം കൂടു സ്ഥാപിക്കാൻ 45000 മുതൽ 50000 രൂപവരെയാണ് ചെലവ്. ഒരു കൂടിൽതന്നെ ഒരേസമയം കാളാഞ്ചിയും കരിമീനും വളർത്താം. ആയിരം വീതം കരിമീൻ, കാളാഞ്ചി കുഞ്ഞുങ്ങളെ ഒരു കൂടിൽ നിക്ഷേപിക്കാം. മീൻകുഞ്ഞുങ്ങൾക്ക് ചെലവ് 50,000 വരെ.ആറുമുതൽ എട്ടുമാസം വരെയാണ് വളർച്ച. കൃഷി ആരംഭിക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപയും തീറ്റയ്ക്ക് 50000 രൂപയും ചെലവ് വരും. കായലുകളിൽ തീറ്റ ലഭിക്കുമെന്നതിനാൽ തീറ്റയുടെ ചിലവ് ചുരുങ്ങും. ആറു മാസമാകുമ്പോഴേക്കും കാളാഞ്ചിക്ക് 800 ഗ്രാം മുതൽ ഒന്നേക്കാൽ കിലോ വരെ തൂക്കമുണ്ടാകും. ഒരു കൂടിൽനിന്ന് ചുരുങ്ങിയത് 600 കിലോ കാളാഞ്ചിയും 250 കിലോ കരിമീനും ലഭിക്കും. കാളാഞ്ചി കിലോഗ്രാമിന് 650 രൂപയും കരിമീനിന് 550 രൂപയുമാണ് വിപണിവില.

സിഎംഎഫ്ആർഐയിലെ മാരിക്കൾച്ചർ വിഭാഗമാണ് കൂടുമത്സ്യകൃഷിക്ക് പരിശീലനം നൽകുന്നത്. സംസ്ഥാന ഫിഷറീസ് വകുപ്പിനുകീഴിലുള്ള മത്സ്യ കർഷക വികസന ഏജൻസി (എഫ്എഫ്ഡിഎ), നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന സർക്കാറിന് കീഴിലുള്ള അഡാക്ക് എന്നിവർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചില തദ്ദേശ സ്ഥാപനങ്ങളും ഇതിനായി തുക വകയിരുത്തുന്നു. താൽപ്പര്യമുള്ളവർക്ക് പരിശീലനത്തിനു സിഎംഎഫ്ആർഐയിലെ മാരിക്കൾച്ചർ വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യാം.

എറണാകുളം ജില്ലയിലാണ് കൂടുമത്സ്യക്കൃഷി കൂടുതൽ. ആലുവയിൽ പെരിയാർ, കോട്ടപ്പുറം കായൽ, തൃപ്പൂണിത്തുറ, മൂത്ത കുന്നം, ഞാറക്കൽ, വൈപ്പിൻ, എടവനക്കാട്, ആലപ്പുഴ ജില്ലയിൽ ചേർത്തലയിലെ ചിറയ്ക്കൽ, വയലാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിലും കോട്ടയത്ത് പെരുവ, പൂത്തോട്ട കായലുകളിലും തൃശൂരിൽ ചേറ്റുവ, എങ്ങണ്ടിയൂർ, കൈപ്പമംഗലം, പെരിഞ്ഞനം എന്നിവിടങ്ങളിലുമാണ് കൂടുകൃഷി നടക്കുന്നത്.